ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്തുകൾ എന്നിവരെ പട്ടികവർഗ്ഗക്കാരുമായി സംവേദിപ്പിക്കാനുള്ള കണ്ണിയായി പ്രവർത്തിക്കുക, വിവിധ ക്ഷേമ പദ്ധതികൾക്കായി അപേക്ഷ നൽകുന്നതിനും മറ്റും പട്ടിക വർഗ്ഗക്കാരെ സഹായിക്കുക എന്നിവയാണ് പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ പ്രധാന ചുമതലകൾ. 30-1-2010-ലെ സ.ഉ. (സാധാ) നമ്പർ 136/2010/പജ.പവ.വിവ. പ്രകാരം പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ചുമതലകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (അനുബന്ധമായി ചേർക്കുന്നു)• ഇവർക്ക് പ്രതിമാസം 2,500 രൂപ ഓണറേറിയം നൽകുന്നുണ്ട്. ഓണറേറിയം കൂടാതെ എസ്.സി./എസ്.ടി. പ്രൊമോട്ടർമാർക്ക് 475 രൂപ വീതം ഫെസ്റ്റിവൽഅലവൻസും നൽകിവരുന്നു.

(സി) എസ്.സി/എസ്.ടി. പ്രൊമോട്ടർമാരുടെ നിയമന കാലാവധി ഒരു വർഷമാണ്. സർക്കാരിന്റേയും പട്ടിക സമുദായത്തിൽപ്പെട്ട ജനങ്ങളുടേയും ഇടയിൽ ഒരു കണ്ണിയായി പ്രവർത്തിക്കുക എന്നതാണ് ഇവരുടെ സേവനം കൊണ്ടുദ്ദേശിക്കുന്നത്. അതല്ലാതെ ഇവരെ സർക്കാർ സർവ്വീസിന്റെ ഭാഗമായ പാർട്ട്ടൈം ജീവനക്കാരാക്കാൻ ഉദ്ദേശിച്ചിട്ടില്ല. പാർട്ട്ടൈം കണ്ടിജന്റ് സർവ്വീസ് ചട്ടങ്ങളുടെ പരിധിയിൽ വരുന്ന തസ്തികയുമല്ല പ്രൊമോട്ടറുടേത്. ഇവരുടെ നിയമനരീതി പാർട്ട്ടൈം ജീവനക്കാരുടേതിൽനിന്നും വ്യത്യസ്തവുമാണ്. പാർട്ട്ടൈം ജീവനക്കാരായി കണക്കാക്കി നിയമിക്കുന്നതിന് പ്രസ്തുത ചട്ടം അനുശാസിക്കുന്ന സാമുദായിക സംവരണതത്വം പാലിക്കേണ്ടതുണ്ട്. അപ്പോൾ ഈ വിഭാഗക്കാർക്ക് പ്രൊമോട്ടർ നിയമനത്തിൽ ഇപ്പോൾ ലഭിക്കുന്ന പ്രാതിനിധ്യത്തിൽ കുറവ് ഉണ്ടാകും. ഇക്കാരണങ്ങളാൽ ഇവരെ പാർട്ട്ടൈം ജീവനക്കാരായി അംഗീകരിക്കാൻ കഴിയില്ല.

പട്ടികഗോത്രവർഗ്ഗ കോളനികളുടെ സമ്പൂർണ്ണ വൈദ്യുതീകരണം

129 (4186) ശ്രീ. കെ.. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പട്ടികഗോത്ര വർഗ്ഗ കോളനികളും പൂർണ്ണമായും വൈദ്യുതീകരിക്കാനുള്ള ലക്ഷ്യം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് ഇനിയും എത്ര കോളനികൾ കൂടി വൈദ്യുതീകരിക്കാൻ ഉണ്ടെന്ന വിവരം ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി പൂർണ്ണമായും എന്നത്തേക്ക് നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ഡി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാകാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ഇ) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1126 പട്ടികവർഗ്ഗ കോളനികൾ കൂടി വൈദ്യുതീകരിക്കാനുണ്ട്.

(സി&ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ചും മണ്ഡല വൈദ്യുതീ കരണം പൂർത്തീകരിക്കുന്ന മുറയ്ക്കും കെ.എസ്.ഇ.ബി.യുടെ സഹകരണത്തോടുകൂടി ഘട്ടംഘട്ടമായി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഫണ്ടിന്റെ അപര്യാപ്തത, വിദൂരമായ സ്ഥലങ്ങളിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള അധിക ചെലവ്, ഉൾവനത്തിനുള്ളിലും വൈദ്യുതി എത്തിക്കുന്നതിന് വനം വകുപ്പിന്റെ സാങ്കേതിക അനുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയാണ് പട്ടികവർഗ്ഗ കോളനി വൈദ്യുതീകരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നേരിടുന്ന പ്രധാന തടസ്സങ്ങൾ.

പട്ടികവർഗ്ഗ ഗവേഷണ സ്കോളർഷിപ്പ്

130 (4187) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 100% കേന്ദ്രസഹായമുള്ള പട്ടികവർഗ്ഗ ഗവേഷണ സ്കോളർഷിപ്പ് സംബന്ധിച്ച പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും വകയിരുത്തിയ തുകയിൽ എത്ര ശതമാനം വീതമാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് കഴിഞ്ഞ നാലു വർഷങ്ങളിൽ നടന്ന സർക്കാർ സഹായത്തോടെയുള്ള പട്ടികവർഗ്ഗ ഗവേഷണ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly